# Millennium Teacher

# ICT Curriculum & Training Module

## Objectives

- ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് അനുയോജ്യമായ ടീച്ചിംഗ്-ലേണിംഗ് പോർട്ട് ഫോളിയോ നിർമ്മിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- വിദ്യാർഥിയുടെ ബഹുമുഖ ബുദ്ധിശക്തിക്ക് അനുയോജ്യമായ രീതിയിലുള്ള റിസോഴ്സുകൾ നല്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- വിവരശേഖരണം, വിവരങ്ങളുടെ പങ്കുവെക്കൽ എന്നിവയിൽ ഇന്റർനെറ്റിന്റെ സാധ്യതയെ പരമാവധി ഉപയോഗപ്പെടുത്താനുള്ള ആത്മവിശ്വാസം അധ്യാപകരിൽ വളർത്തുക.
- പഠനപ്രക്രിയയിൽ On-line coaching, on-line learning , on-line evaluation/Feed back എന്നീ ടൂളുകൾ ഉപയോഗപ്പെടുത്താനുള്ള ശേഷി അധ്യാപകരിൽ വളർത്തിയെടുക്കുക.

## Contents

- ഇന്റർനെറ്റ് - അടിസ്ഥാന വിവരങ്ങൾ, ബ്രൗസർ, സെർച്ച് എഞ്ചിൻ, വിവരശേഖരണം, ബ്രൗസർ എക്സ്റ്റൻഷനുകൾ.
- ഇമെയിൽ, സോഷ്യൽ നെറ്റ്‌വർക്കിങ്ങ്, സൈബർക്രൈം
- ഫയൽ ഷെയറിങ്ങ് (ഇമേജ്, വീഡിയോ, ഡോക്യുമെന്റ്സ്),
- ചാറ്റിങ്ങ് (ടെക്സ്റ്റ്, ഓഡിയോ, വീഡിയോ)
- ഫയൽ റീസൈസിങ്ങ്, കൺവെർട്ടിംഗ് (image, video, audio)
- റിസോഴ്സ് പബ്ലിഷിങ്ങ് ( ബ്ലോഗ്, വിക്കി )

# Training Module

- 40 പേരടങ്ങുന്ന ബാച്ചിന് 3 ദിവസത്തെ പരിശീലനമാണ് നൽകേണ്ടത്.
- 40 പേരടങ്ങുന്ന ബാച്ചിനെ 20 പേരടങ്ങുന്ന രണ്ട് ഗ്രൂപ്പാക്കി രണ്ട് ലാബിലായാണ് പരിശീലനം നടത്തേണ്ടത്.
- ഓരോ ലാബിലും ചുരുങ്ങിയത് 10 കമ്പ്യൂട്ടർ വീതം സജ്ജീകരിക്കണം.
- എല്ലാ കമ്പ്യൂട്ടറിലും ഇന്റർനെറ്റ് ലഭ്യമാക്കിയിരിക്കണം. ലാപ്ടോപ് ഉപയോഗിക്കുന്നതാണ് അഭികാമ്യം.
- എല്ലാ കമ്പ്യൂട്ടറിലും IT@School Edubuntu ഇൻസ്റ്റാൾ ചെയ്തിരിക്കണം. കമ്പ്യൂട്ടറിന്റെ ശബ്ദസംവിധാനം പ്രവർത്തന സജ്ജമായിരിക്കുകയും വേണം.
- ക്ലാസ്റൂം പഠനപ്രക്രിയയിൽ ഉപയോഗപ്പെടുത്താവുന്ന റിസോഴ്സുകൾ കണ്ടെത്തുന്ന ആക്ടിവിറ്റികൾക്ക് മുൻതൂക്കം നൽകണം.(ഇൻർനെറ്റ് അധിഷ്ഠിത പ്രവർത്തനങ്ങളിൽ )
- ഓരോ കമ്പ്യൂട്ടറിലും .avi, .mpg, .flv എന്നീ ഫോർമാറ്റുകളിലുള്ള ഓരോ ചെറിയ വീഡിയോ ഫയലുകൾ ഒരു ഫോൾഡറിൽ ഉണ്ടായിരിക്കണം.

## Option: 1

**( കമ്പ്യൂട്ടർ പരിശീലനം തീരെ ലഭിക്കാത്തവർക്ക് )**

## Day : 1

9.45 മുതൽ 10 വരെ – കോഴ്സ് ബ്രീഫിങ്

**10 മുതൽ 1 വരെ** - കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കൽ : അടിസ്ഥാന ശേഷികൾ

- ഉബുണ്ടു ഡെസ്ക്ടോപ് , മെനു, ലോഗിൻ, ലോഗൗട്ട്, ഷട്ട് ഡൗൺ, റിസ്റ്റാർട്ട് എന്നിവ പൊതുവായി പരിചയപ്പെടുത്തുക. ( 30 മിനിട്ട് )
- മൗസ് , കീബോർഡ് പരിചയപ്പെടൽ ( 2 മണിക്കൂർ)

ഇതിനായി ജികോമ്പ്രിസിലെ (മലയാളം) ചില പ്രവർത്തനങ്ങളാണ് നൽകേണ്ടത്.

  - ജികോമ്പ്രിസ്-മൗസ് ഉപയോഗം പഠിക്കാനുള്ള പ്രവർത്തനങ്ങൾ

- ◦ ജികോമ്പ്രിസ്-കീബോർഡ് ഉപയോഗം പഠിക്കാനുള്ള കളികൾ
- ◦ ജികോമ്പ്രിസ്-കുരുക്കഴിക്കൽ
- ◦ ജികോമ്പ്രിസ്-ഉല്ലാസക്കളികൾ - എഴുത്തോല
  ജികോമ്പ്രിസിലെ ഈ വേർഡ് പ്രോസസറിൽ ടൈപ്പ് ചെയ്ത് സേവ് ചെയ്യുന്നത് പരിചയപ്പെടുത്തണം. പഠിതാക്കൾ പേരും അഡ്രസും ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് ഡീഫോൾട്ട് ഫോൾഡറിൽ സേവ് ചെയ്ത് സൂക്ഷിക്കണം.
- ◦ ജികോമ്പ്രിസ്-ഉല്ലാസക്കളികൾ - ടക്സ്പെയ്ന്റ് **or** Education-Tuxpaint
  ടക്സ്പെയ്ന്റിൽ ലഘു ചിത്രം വരച്ച് നിറം നല്കി സേവ് ചെയ്യുന്നത് പരിചയപ്പെടുത്തണം.
  തയ്യാറാക്കുന്ന ചിത്രം പഠിതാക്കൾ ഡീഫോൾട്ട് ഫോൾഡറിൽ സേവ് ചെയ്ത് സൂക്ഷിക്കണം.

- ഫോൾഡർ നിർമ്മാണം, ഫയൽ കോപ്പി, പേസ്റ്റ് ( 30 മിനിട്ട് )
  Home ഫോൾഡറിൽ സ്വന്തം പേരിൽ RP ഒരു ഫോൾഡർ നിർമ്മിക്കുന്നു. ഈ ഫോൾഡറിലേക്ക് ഒരു ഫയൽ കോപ്പി ചെയ്യുന്ന വിധം പരിചയപ്പെടുത്തുന്നു.
  **പ്രവർത്തനം :**
  നേരത്തെ ജികോമ്പ്രിസിലും ടക്സ്പെയ്ന്റിലും സേവ് ചെയ്ത ഫയലുകളെ പ്രസ്തുത ഫോൾഡറുകളിൽ നിന്ന് കോപ്പി ചെയ്ത് അവരവരുടെ ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക.

1 മുതൽ 1.45 വരെ - ഉച്ചഭക്ഷണം

**1.45 മുതൽ 4.30 വരെ** - ഇന്റർനെറ്റിൽ നിന്നും റിസോഴ്സ് ശേഖരണം (For Creating portfolios)

- ഇന്റർനെറ്റ് റിസോഴ്സുകൾ പരിചയപ്പെടുത്തുന്നു.
  (വെബ്സൈറ്റ്,വിക്കി, ബ്ലോഗ്)
- ഇന്റർനെറ്റിൽ നിന്നും വിവിധ റിസോഴ്സുകൾ ശേഖരിക്കുന്നത് പരിചയപ്പെടുത്തുന്നു.
  അധ്യാപകരുടെ teaching-learning പോർട്ട് ഫോളിയോക്കാവശ്യമായവ വിഭവങ്ങൾ ഇന്റർനെറ്റിൽ നിന്നും ശേഖരിക്കുന്നത് പരിചയപ്പെടുത്തണം.
  - Google - search
  - Image search & Save
  - Soople : www.**soople**.com/
    (search different types of documents, Ex:- presentations, spreadsheet etc )
  - Wikipedia – Page Save, Copy
  - Youtube – Video Downloading
    (Download എക്സ്റ്റൻഷൻസ് ഇൻസ്റ്റാൾ ചെയ്യുന്നത് പരിചയപ്പെടുത്തണം. Unplug **or** Download helper)
  - Bookmarking

**പ്രവർത്തനം :**

- ക്ലാസ്റൂം പഠനപ്രക്രിയയിൽ ഉപയോഗപ്പെടുത്താവുന്ന റിസോഴ്സുകൾ ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച് അവരവരുടെ ഫോൾഡറിൽ സേവ് ചെയ്യുക.

- പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമായ വെബ് അഡ്രസുകൾ ബ്രൗസറിൽ bookmark ചെയ്യുക.

## Day : 2

9.30 മുതൽ 10 വരെ – ഡോക്യുമെന്റേഷൻ, ഫീഡ്ബാക്ക്

**10 മുതൽ 1 വരെ** – ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ

- ഇമെയിൽ

  Gmail ൽ പുതിയ അക്കൗണ്ട് നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **പ്രവർത്തനം :**

  നെറ്റിൽ നിന്നും ശേഖരിച്ച ഒരു ചിത്രം അറ്റാച്ച് ചെയ്ത് സുഹൃത്തിന് ഒരു ഇമെയിൽ അയക്കുക.

- സോഷ്യൽ നെറ്റ്‌വർക്കിംഗ്

  facebook ൽ പുതിയ അക്കൗണ്ട് നിർമ്മിച്ച് പോസ്റ്റ്, കമന്റ്സ്, ഫോട്ടോ അപ്‌ലോഡ് എന്നിവ പരിചയപ്പെടുത്തുന്നു

  **പ്രവർത്തനം :**

  നേരത്തെ bookmark ചെയ്ത ഒരു വെബ്സൈറ്റ് ലിങ്ക് facebook ൽ പോസ്റ്റ് ചെയ്യുക.

- സൈബർ നിയമം, സൈബർക്രൈം എന്നിവയെക്കുറിച്ച് RP വിശദീകരിക്കുന്നു

1 മുതൽ 1.45 വരെ - ഉച്ചഭക്ഷണം

**1.45 മുതൽ 4.30 വരെ**– ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ- ഫയൽ ഷെയറിങ്ങ്

ഫയൽ ഷെയറിംഗ് ( ഡോക്യുമെന്റ്സ്, ചിത്രങ്ങൾ, വീഡിയോ അപ്‌ലോഡ്)

- ഇമേജ് അപ്‌ലോഡ്

  https://picasaweb.google.com ൽ ഇമേജ് ആൽബം നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **പ്രവർത്തനം:**

  picassa യിൽ ഒരു ചെറിയ ആൽബം നിർമ്മിച്ച് സുഹൃത്തുമായി ഷെയർ ചെയ്യുക. ഇന്റർനെറ്റിൽ നിന്നും നേരത്തെ ശേഖരിച്ച ചിത്രങ്ങളോ, സ്വന്തമായി തയ്യാറാക്കിയ ചിത്രങ്ങളോ ഇതിനായി ഉപയോഗിക്കാം.

- ഡോക്യുമെന്റ്സ് അപ്‌ലോഡ്

  ഡോക്യുമെന്റുകൾ google docs ലേക്ക് അപ്‌ലോഡ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

  ഒന്നിലധികം ഡോക്യുമെന്റുകൾ ഒന്നിച്ച് അപ്‌ലോഡ് ചെയ്യുന്നത്, ഡോക്യുമെന്റുകൾ ഷെയർ ചെയ്യുന്നത്, ഇവയുടെ ഡൗൺലോഡ് ലിങ്ക് ലഭിക്കുന്ന വിധം എന്നിവ പരിചയപ്പെടുത്തണം.

  **പ്രവർത്തനം:**

ഓരോ പഠിതാവും ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച പഠന വിഭവങ്ങൾ ഒരു ഫോൾഡറിലാക്കി google docs ലേക്ക് അപ്‌ലോഡ് ചെയ്ത് ഡൗൺലോഡ് ലിങ്ക് ഷെയർ ചെയ്യുക .

google documents ലെ ഡൗൺലോഡ് ലിങ്ക് ഉപയോഗിച്ച് ഫയൽ ഡൗൺലോഡ് ചെയ്യുക.

- വീഡിയോ അപ്‌ലോഡ്: വീഡിയോ www.youtube.com ൽ അപ്‌ലോഡ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

  (അധ്യാപകർ സ്വയം തയ്യാറാക്കുന്ന വീഡിയോകൾ കുറഞ്ഞ ഫയൽ സൈസിലുള്ള ഫോർമാറ്റിലേക്ക് കൺവെർട്ട് ചെയ്താണ് ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യേണ്ടതെന്ന് ബോധ്യപ്പെടുത്തണം.)

  **പ്രവർത്തനം:**

  youtube ലേക്ക് 30 സെക്കന്റ് ദൈർഘ്യമുള്ള ഒരു വീഡിയോ അപ്‌ലോഡ് ചെയ്ത് ലിങ്ക് ഷെയർ ചെയ്യുക. (ഇതിനായി എല്ലാ കമ്പ്യൂട്ടറിലും .flv ഫോർമാറ്റിലുള്ള വീഡിയോ (കുറഞ്ഞ സമയദൈർഘ്യത്തിലുള്ള )നേരത്തെ RP പേസ്റ്റ് ചെയ്ത് വെച്ചിരിക്കണം

## Day- 3

9.30 മുതൽ 10 വരെ – ഡോക്യുമെന്റേഷൻ, ഫീഡ്ബാക്ക് , സംശയനിവാരണം

**10.00 മുതൽ 10.45 വരെ,** ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ

- വീഡിയോ /ഓഡിയോ /ടെക്സ്റ്റ് ചാറ്റിംഗ്സ്

  gmail ലെ ടെക്സ്റ്റ് ചാറ്റിംഗ് പരിചയപ്പെടുത്തുന്നു.

  gmail ലെ വീഡിയോ ചാറ്റിംഗ് സംവിധാനം ഉപയോഗിച്ച് വീഡിയോ ചാറ്റിംഗ് നടത്തുന്നത് പരിചയപ്പെടുത്തണം.

  http://www.google.com/chat/video/download.html ൽ നിന്ന് google talk plugin ഇൻസ്റ്റാൾ ചെയ്യണം.

  **പ്രവർത്തനം:**

  gmail ലെ വീഡിയോ ചാറ്റിംഗ് സംവിധാനം ഉപയോഗിച്ച് വീഡിയോ ചാറ്റിംഗ് നടത്തുക.

**10.45 മുതൽ 1.00 വരെ** – റിസോഴ്സുകൾ പാകപ്പെടുത്തൽ

മൾട്ടീമീഡിയാ ഫയൽ ഫോർമാറ്റുകൾ, ഫയൽ കൺവെർട്ടിംഗ്, ഫയൽ റിസൈസിംഗ്

- പ്രധാന ഓഡിയോ, വീഡിയോ, ചിത്ര ഫയൽ ഫോർമാറ്റുകൾ പരിചയപ്പെടുത്തുന്നു. (.odp presentation)
- gthumb image viewer ഉപയോഗിച്ച് ഇമേജ് റീസൈസ് / ക്രോപ്പ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

**പ്രവർത്തനം:**

ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച ഒരു ചിത്രം gthumb image viewer ഉപയോഗിച്ച് ഇമേജ് റീസൈസ് /ക്രോപ്പ് ചെയ്ത് ഫോൾഡറിൽ സേവ് ചെയ്യുക.

- Avidemux ഉപയോഗിച്ച് വീഡിയോ റീസൈസ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

  Avidemux → File open → Mark start and end ( ' A ' & 'B' ) → File Save → Save Video → give filename with extensions ( Eg :- video.flv , video.mpg etc)

  **പ്രവർത്തനം:**

  youtube ൽ നിന്നും ശേഖരിച്ച / RP നല്കിയ ഒരു വീഡിയോയിൽ നിന്ന് ചെറിയ ഭാഗം സെലക്ട് ചെയ്ത് (ഒരു മിനിട്ട്) അതേ ഫോർമാറ്റിൽ സ്വന്തം ഫോൾഡറിൽ സേവ് ചെയ്യുക.

- Winff ഉപയോഗിച്ച് വീഡിയോ ഫോർമാറ്റ് കൺവെർട്ട് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു. (mpg to flv)

  **പ്രവർത്തനം:**

  കമ്പ്യൂട്ടറിലെ .mpg / avi വീഡിയോ .flv ഫോർമാറ്റിലേക്ക് കൺവെർട്ട് ചെയ്യുക. (ഈ പ്രവർത്തനത്തിനാവശ്യമായ വീഡിയോ എല്ലാ കമ്പ്യൂട്ടറിലും നേരത്തെ പേസ്റ്റ് ചെയ്ത് വെച്ചിരിക്കണം.)

1 മുതൽ 1.45 വരെ - ഉച്ചഭക്ഷണം

**1.45 മുതൽ 4 വരെ** - ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ : റിസോഴ്സ് പബ്ലിഷിങ്ങ്

- ബ്ലോഗ്, ബ്ലോഗ് നിർമ്മാണം (ഗ്രൂപ്പ് പ്രവർത്തനം - 2 പേർ)

  www.wordpress ൽ ബ്ലോഗ് നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **പ്രവർത്തനം:**

  (a) www.wordpress ൽ ഒരു ബ്ലോഗ് നിർമ്മിച്ച് അവരവരുടെ വിഷയത്തിൽ ക്ലാസ്റൂം പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്താവുന്ന ലഘു കുറിപ്പ് (ചിത്രങ്ങൾ സഹിതം) പബ്ലിഷ് ചെയ്യുക. വിവരങ്ങൾ ടൈപ്പ് ചെയ്യുകയോ ഇന്റർനെറ്റിൽ നിന്ന് ശേഖരിക്കുകയോ ചെയ്യാം.

  (b) അധ്യാപകർ തയ്യാറാക്കിയ ഡിജിറ്റൽ പഠനവിഭവങ്ങൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുക.

  (c) youtube ൽ അപ്‌ലോഡ് ചെയ്ത വീഡിയോയുടെ ലിങ്ക് ബ്ലോഗിൽ പ്രസിദ്ധീകരിക്കുക .

  (d) അധ്യാപകർ തയ്യാറാക്കിയ ബ്ലോഗ് url മെയിൽ വഴി പരസ്പരം ഷെയർ ചെയ്യുക. ബ്ലോഗിൽ കമന്റ് ചെയ്യുക.

- **4 മുതൽ 4. 30 വരെ** - കോഴ്സ് ഫീഡ്ബാക്ക്, സമാപനം

# Option: 2

# For HS teachers

## (IT@school ന്റെ ഏതെങ്കിലും textbook training ൽ പങ്കെടുത്തവർക്ക്)

## Day : 1

9.45 മുതൽ 10 വരെ – കോഴ്സ് ബ്രീഫിങ്ങ്

**10 മുതൽ 1 വരെ** - ഇന്റർനെറ്റിൽ നിന്നും റിസോഴ്സ് ശേഖരണം(For Creating portfolios)

- ഇന്റർനെറ്റിൽ നിന്നും വിവിധ റിസോഴ്സുകൾ ശേഖരിക്കുന്നത് പരിചയപ്പെടുത്തുന്നു.
  അധ്യാപകരുടെ teaching-learning പോർട്ട് ഫോളിയോക്കാവശ്യമായവ വിഭവങ്ങൾ ഇന്റർനെറ്റിൽ നിന്നും ശേഖരിക്കുന്നത് പരിചയപ്പെടുത്തണം.

  - Google - search
  - Image search & Save
  - Soople : www.**soople**.com/
    (search different types of documents, Ex:- presentations, spreadsheet etc )
  - Wikipedia – Page Save, Copy
  - Youtube – Video Downloading
    (Download എക്സ്റ്റൻഷൻസ് ഇൻസ്റ്റാൾ ചെയ്യുന്നത് പരിചയപ്പെടുത്തണം.)
  - Bookmarking

**പ്രവർത്തനം :**

ഇന്റർനെറ്റിൽ നിന്നും ആവശ്യമായ റിസോഴ്സുകൾ ശേഖരിച്ച് അവരവരുടെ ഫോൾഡറിൽ സേവ് ചെയ്യുക. - ചിത്രങ്ങൾ, വെബ്പേജുകൾ

പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമായ വെബ് അഡ്രസുകൾ ബ്രൗസറിൽ bookmark ചെയ്യുക.

പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന വീഡിയോകൾ (2 എണ്ണം) www.youtube ൽ നിന്നും ഡൗൺലോഡ് ചെയ്ത് അവരവരുടെ ഫോൾഡറിൽ സേവ് ചെയ്യുക.

- ഇന്റർനെറ്റിൽ നിന്നും വിവിധഭാഷകളിൽ റിസോഴ്സുകൾ സെർച്ച് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.
  (മലയാളം, ഹിന്ദി etc.)
  ആവശ്യമെങ്കിൽ മലയാളം കീബോർഡ് ലേഔട്ട് നൽകണം.

**പ്രവർത്തനം:**

(a) wikipedia യിൽ നിന്ന് വിവിധ ഭാഷകളിലുള്ള റിസോഴ്സുകൾ കണ്ടെത്തി File- Save Page as

വഴി സേവ് ചെയ്യുക.

(b) wikipedia യിൽ നിന്ന് വിവിധ ഭാഷകളിലുള്ള റിസോഴ്സുകൾ copy ചെയ്ത് writer ൽ പേസ്റ്റ് ചെയ്ത് സേവ് ചെയ്യുക.

1 മുതൽ 1.45 വരെ - ഉച്ചഭക്ഷണം

**1.45 മുതൽ 4.30 വരെ** - ഇന്റർനെറ്റ് സേവനം ഉപയോഗപ്പെടുത്തൽ

- ഇമെയിൽ

  Gmail ൽ പുതിയ അക്കൗണ്ട് നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **<u>പ്രവർത്തനം :</u>**

  നെറ്റിൽ നിന്നും ശേഖരിച്ച ഒരു ചിത്രം അറ്റാച്ച് ചെയ്ത് സുഹൃത്തിന് ഒരു ഇമെയിൽ അയക്കുക.
- സോഷ്യൽ നെറ്റ്‌വർക്കിംഗ്

  facebook ൽ പുതിയ അക്കൗണ്ട് നിർമ്മിച്ച് പോസ്റ്റ്, കമന്റ്സ്, ഫോട്ടോ അപ്‌ലോഡ് എന്നിവ പരിചയപ്പെടുത്തുന്നു

  **<u>പ്രവർത്തനം :</u>**

  നേരത്തെ bookmark ചെയ്ത ഒരു വെബ്സൈറ്റ് ലിങ്ക് facebook ൽ പോസ്റ്റ് ചെയ്യുക.
- സൈബർ നിയമം, സൈബർക്രൈം എന്നിവയെക്കുറിച്ച് RP വിശദീകരിക്കുന്നു

## Day : 2

9.30 മുതൽ 10 വരെ – ഡോക്യുമെന്റേഷൻ, ഫീഡ്ബാക്ക് , സംശയനിവാരണം

**10 മുതൽ 1 വരെ** – ഫയൽ ഷെയറിംഗ് ( ഡോക്യുമെന്റ്സ്, ചിത്രങ്ങൾ, വീഡിയോ അപ്‌ലോഡ്)

- ഇമേജ് അപ്‌ലോഡ്

  https://picasaweb.google.com ൽ ഇമേജ് ആൽബം നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **<u>പ്രവർത്തനം:</u>**

  picassa യിൽ ഒരു ചെറിയ ആൽബം നിർമ്മിച്ച് സുഹൃത്തുമായി ഷെയർ ചെയ്യുക. ഇന്റർനെറ്റിൽ നിന്നും നേരത്തെ ശേഖരിച്ച ചിത്രങ്ങൾ ഇതിനായി ഉപയോഗിക്കാം.
- ഡോക്യുമെന്റ്സ് അപ്‌ലോഡ്

  ഡോക്യുമെന്റുകൾ google docs ലേക്ക് അപ്‌ലോഡ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു .

  ഒന്നിലധികം ഡോക്യുമെന്റുകൾ ഒന്നിച്ച് അപ്‌ലോഡ് ചെയ്യുന്നത്, ഡോക്യുമെന്റുകൾ ഷെയർ ചെയ്യുന്നത്, ഇവയുടെ ഡൗൺലോഡ് ലിങ്ക് ലഭിക്കുന്ന വിധം എന്നിവ പരിചയപ്പെടുത്തണം.
-

  **<u>പ്രവർത്തനം:</u>**

ഓരോ പഠിതാവും ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച പഠന വിഭവങ്ങളെ google docs ലേക്ക് അപ്‌ലോഡ് ചെയ്ത് ഡൗൺലോഡ് ലിങ്ക് ഷെയർ ചെയ്യുക .
google documents ലെ ഡൗൺലോഡ് ലിങ്ക് ഉപയോഗിച്ച് ഫയൽ ഡൗൺലോഡ് ചെയ്യുക.

- വീഡിയോ അപ്‌ലോഡ്: . വീഡിയോ www.youtube.com ൽ അപ്‌ലോഡ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.
  (അധ്യാപകർ സ്വയം തയ്യാറാക്കുന്ന വീഡിയോകൾ കുറഞ്ഞ ഫയൽ സൈസിലുള്ള ഫോർമാറ്റിലേക്ക് കൺവെർട്ട് ചെയ്താണ് ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യേണ്ടതെന്ന് ബോധ്യപ്പെടുത്തണം.)

**പ്രവർത്തനം:**
youtube ലേക്ക് 30 സെക്കന്റ് ദൈർഘ്യമുള്ള ഒരു വീഡിയോ അപ്‌ലോഡ് ചെയ്ത് ലിങ്ക് ഷെയർ ചെയ്യുക. (ഇതിനായി എല്ലാ കമ്പ്യൂട്ടറിലും .flv ഫോർമാറ്റിലുള്ള വീഡിയോകൾ (കുറഞ്ഞ സമയദൈർഘ്യത്തിലുള്ള )നേരത്തെ RP പേസ്റ്റ് ചെയ്ത് വെച്ചിരിക്കണം

1 മുതൽ 1.45 വരെ- ഉച്ചഭക്ഷണം

**1.45 മുതൽ - 4.30 വരെ** – ബ്രൗസർസെറ്റിംഗ്സ്, ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ

- ബ്രൗസർ ഹോം പേജ് സെറ്റ് ചെയ്യൽ, saving folder ക്രമീകരിക്കൽ , പുതിയ addon കൾ കൂട്ടിച്ചേർക്കൽ എന്നിവ പരിചയപ്പെടുത്തുന്നു.
  unplug എന്ന add-ons ഇൻസ്റ്റാൾ /അൺ ഇൻസ്റ്റാൾ ചെയ്യുന്ന വിധം പരിചയപ്പെടുത്തണം. (for downloading videos)
  (tools → add-ons → search 'unplug' → install → restart browser )
  **പ്രവർത്തനം:**
  unplug സംവിധാനം ഉപയോഗിച്ച് youtube ൽ നിന്നും വീഡിയോ ഡൗൺലോഡ് ചെയ്യുക.
- Export Bookmark- ബ്രൗസറിൽ ബുക്ക്മാർക്ക് ചെയ്ത് url എക്സ്പോർട്ട്/ ഇംപോർട്ട് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

- വീഡിയോ /ഓഡിയോ /ടെക്സ്റ്റ് ചാറ്റിംഗ്സ്
  gmail ലെ ടെക്സ്റ്റ് ചാറ്റിംഗ് പരിചയപ്പെടുത്തുന്നു.
  gmail ലെ വീഡിയോ ചാറ്റിംഗ് സംവിധാനം ഉപയോഗിച്ച് വീഡിയോ ചാറ്റിംഗ് നടത്തുന്നത് പരിചയപ്പെടുത്തണം.
  http://www.google.com/chat/video/download.html ൽ നിന്ന് google talk plugin ഇൻസ്റ്റാൾ ചെയ്യണം.
  **പ്രവർത്തനം:**
  gmail ലെ വീഡിയോ ചാറ്റിംഗ് സംവിധാനം ഉപയോഗിച്ച് വീഡിയോ ചാറ്റിംഗ് നടത്തുക.

- ഗൂഗിൾ പ്ലസ് (plus.google.com) സംവിധാനം പരിചയപ്പെടുത്തുന്നു.
  (Stream , Image Sharing, Create circle)

  **പ്രവർത്തനം:**

  ഗൂഗിൾ പ്ലസിൽ ഒരു സർക്കിൾ നിർമ്മിച്ച് പ്രസ്തുത സർക്കിളിലേക്ക് കമന്റ് share ചെയ്യുക.

## Day : 3

9.30 മുതൽ 10 വരെ – ഡോക്യുമെന്റേഷൻ, ഫീഡ്ബാക്ക്

**10.00 മുതൽ 1 മണി വരെ,** റിസോഴ്സുകൾ പാകപ്പെടുത്തൽ

മൾട്ടീമീഡിയാ ഫയൽ ഫോർമാറ്റുകൾ, ഫയൽ കൺവെർട്ടിംഗ്, ഫയൽ റിസൈസിംഗ്

- പ്രധാന ഓഡിയോ, വീഡിയോ, ചിത്ര ഫയൽ ഫോർമാറ്റുകൾ പരിചയപ്പെടുത്തുന്നു. (.odp presentation)

- gthumb image viewer ഉപയോഗിച്ച് ഇമേജ് റീസൈസ് / ക്രോപ്പ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.

  **പ്രവർത്തനം:**

  അധ്യാപകർ കൊണ്ടുവന്ന ചിത്രം gthumb image viewer ഉപയോഗിച്ച് ഇമേജ് റീസൈസ് /ക്രോപ്പ് ചെയ്ത് ഫോൾഡറിൽ സേവ് ചെയ്യുക.

- Avidemux ഉപയോഗിച്ച് വീഡിയോ റീസൈസ് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു.
  Avidemux → File open → Mark start and end ( ' A ' & 'B' ) → File Save → Save Video → give filename with extensions ( Eg :- video.flv , video.mpg etc)

  **പ്രവർത്തനം:**

  കമ്പ്യൂട്ടറിലുള്ള ഒരു വീഡിയോയിൽ നിന്ന് ചെറിയ ഭാഗം കട്ട് ചെയ്ത് (ഒരു മിനിട്ട്) അതേ ഫോർമാറ്റിൽ സ്വന്തം ഫോൾഡറിൽ സേവ് ചെയ്യുക.

- Winff ഉപയോഗിച്ച് വീഡിയോ ഫോർമാറ്റ് കൺവെർട്ട് ചെയ്യുന്നത് പരിചയപ്പെടുത്തുന്നു. (mpg to flv)

  **പ്രവർത്തനം:**

  കമ്പ്യൂട്ടറിലുള്ള ഒരു .mpg / avi വീഡിയോ .flv ഫോർമാറ്റിലേക്ക് കൺവെർട്ട് ചെയ്യുക.

  (ഈ പ്രവർത്തനത്തിനാവശ്യമായ വീഡിയോ എല്ലാ കമ്പ്യൂട്ടറിലും നേരത്തെ പേസ്റ്റ് ചെയ്ത്

വെച്ചിരിക്കണം.)

1 മുതൽ 1.45 വരെ - ഉച്ചഭക്ഷണം

**1.45 മുതൽ -4.00 വരെ** – ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്തൽ : റിസോഴ്സ് പബ്ലിഷിങ്ങ്

- ബ്ലോഗ്, ബ്ലോഗ് നിർമ്മാണം

  www.wordpress ൽ ബ്ലോഗ് നിർമ്മിക്കുന്നത് പരിചയപ്പെടുത്തുന്നു.

  **<u>പ്രവർത്തനം:</u>**

  (a) www.wordpress ൽ ഒരു ബ്ലോഗ് നിർമ്മിച്ച് അവരവരുടെ വിഷയത്തിൽ ക്ലാസ്റൂം പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്താവുന്ന ലഘു കുറിപ്പ് (ചിത്രങ്ങൾ സഹിതം) പബ്ലിഷ് ചെയ്യുക. വിവരങ്ങൾ ടൈപ്പ് ചെയ്യുകയോ ഇന്റർനെറ്റിൽ നിന്ന് ശേഖരിക്കുകയോ ചെയ്യാം.

  (b) അധ്യാപകർ തയ്യാറാക്കിയ ഡിജിറ്റൽ പഠനവിഭവങ്ങൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുക.

  (c ) youtube ൽ അപ്‌ലോഡ് ചെയ്ത വീഡിയോയുടെ ലിങ്ക് ബ്ലോഗിൽ പ്രസിദ്ധീകരിക്കുക .

  (d) അധ്യാപകർ തയ്യാറാക്കിയ ബ്ലോഗ് url ഇമെയിൽ വഴി പരസ്പരം ഷെയർ ചെയ്യുക. ബ്ലോഗിൽ കമന്റ് ചെയ്യുക.

- **4 മുതൽ 4. 30 വരെ** - കോഴ്സ് ഫീഡ്ബാക്ക്, സമാപനം